Item Code: 956 Participant Code: 113

വിഷയം - പുതിയ മനുഷ്യൻ. കവിതാരചന HSS

# "അവനുനേരെ"

കാലചക്രം മുന്നോട്ട്
നീങ്ങുന്നു.
അതിനൊപ്പം നരബാധിച്ച
കാലുകളും മുന്നോട്ടു പായുന്നു.
ഭ്രാന്തെടുത്തു വന്ന
ചുടുകാറ്റ് അവനെ
തള്ളിയൊതുക്കി.
രാത്രി കാല നനകകൾ ശാന്തമായപ്പോൾ
ചുളിവുകൾ വീണ തിരകൾ
അവനെ നോക്കി
പുച്ഛിച്ചു.
കടൽ തിരയോടടുത്തു.
കടലിന്റെ ആത്മാവിന്
തളം കെട്ടിയ ഉപ്പുരസത്തേക്കാളധികം
രുചി, പലരുടെയും,
മധുരിക്കുന്ന കയ്പുകളായിരുന്നു.

(Note: Graded Items may be published in Schoolwki. So write neatly. Don't fold paper. Don't write overleaf)

കുതിര മീനുകൾ

അവന്റെ ചൂണ്ടയുടെ ക്ഷണം
സ്വീകരിക്കാതെ കടന്നുപോയി.
വാളേറ്റി കൂർത്ത ആ
ചൂണ്ടയ്ക്ക്,
ഒരായുസ്സിനെ വെട്ടിക്കീറാനുള്ള
കരുത്തുണ്ടായിരുന്നു.
കടന്നുപോയ രാവിന്റെ
മുറിവാഴങ്ങളിൽ തട്ടി,
ചോരവാർന്നൊഴുകുന്ന വ്രണം പിടിച്ച
ആ മുറിവിന്, എന്തെയോ
അകലെ പിടിച്ച
സ്വപ്നങ്ങളുടെ
തിരാക്കഥ പറയാനുണ്ടാകും.
വേരടർന്ന അവന്റെ വാക്കുകൾക്ക്
എന്തേയോ രാവുകളുടെ,
വിടരാത്ത ഋതുക്കളെപ്പറ്റി
പറയുവാനുണ്ടാകും.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023

Kozhikode

Item Code: 956 Participant Code: 113

എത്രയെത്ര,

തോക്കുമുനയുടെ വീരകഥകൾ

ആരായാൻ,

അവന്റെ നാവുകൾ

കൊതിക്കുന്നുണ്ടാകാം.

കടന്നേറിയ വേദനകളുടെ,

പ്രയാണങ്ങളിൽ

സ്വയം നഷ്ടമായ അവസ്ഥയിൽ

ജീവിതമെന്ന കറുത്ത

വരയെ, കോർത്തിണക്കി

ഒരു കറുത്ത കയറായവൻ,

ചിന്തിച്ചിട്ടുണ്ടാകാം.

ജീവിതത്തെ അറിയാൻ

വൈകിയപ്പോഴും യാഥാർത്ഥ്യത്തിന്റെ,

കൊടും വേദനകളിൽ എത്രമാത്രം

കണ്ണുനീർ അവന്റെ

രോമങ്ങളെ തഴുകി

മണ്ണിൽ അപ്രത്യക്ഷമായിട്ടുണ്ടാകാം.

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

ഭ്രാന്ത് പിടിച്ച എത്രമാത്രം
കൈകൾ
അവന്റെ കാലടുകളിൽ
വിണ്ണപേക്ഷിച്ചിട്ടുണ്ടാകാം.
ചരിത്രം മറന്നുപോകാതെ,
എത്രയേറെ, തലയോട്ടികൾ
അവന്റെ കാലടുകൾക്ക് തടയിണയിട്ടിട്ടുണ്ടാകാം.
ആ സ്നേഹത്തിന്,
ഒരിക്കലും തീർപ്പ് കൽപ്പിച്ചിരുന്നില്ല.
ഒന്നുമില്ലാതെ കൈകൾ കോർത്തു.
അവസാനം
ശൂന്യതയുടെ വക്കത്ത് ആ
നഗ്നമായ ശരീരം എങ്ങോ,
പച്ചയായ മാംസത്തെ തിരഞ്ഞു.
രാത്രികാലങ്ങളിൽ ആർക്കും
ഉപയോഗിക്കാവുന്ന,
ചോരവറ്റിയ നിശാഗന്ധിയായി,
ഏതോ കഥയിലെ,
മുഴുമിപ്പിക്കാത്ത അദ്ധ്യായമായവളെ,

(Note: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

വാക്കുകളിൽ മുദ്രകുത്തി.

പറുദീസ തിരഞ്ഞുവന്ന ത്യാഗിയായ,

ഒരു വൃദ്ധൻ പാതി വരച്ചിട്ടുപോയ

വർണങ്ങളില്ലാത്ത ചിത്രമായിരുന്നവളുടേത്.

മരവിച്ച മനസ്സുകളിൽ

അത്രയേറെ പ്രാധാന്യമർഹിക്കുന്നുണ്ടായിരുന്നു

ആ ചിത്രത്തിന്,

വികൃതമായ ആ രൂപങ്ങൾക്കുമേൽ

ബിംബങ്ങൾ സ്ഥാനം പിടിക്കുമ്പോൾ

ആർദ്രമായ മനസ്സുകൾ

ചിന്തകളെ കൈകളിലൊതുക്കുന്നു.

കൊത്തി വലിക്കാനായുന്നു.

അവന്റെ കണ്ണുകൾക്ക്

കാരമുള്ളിന്റെ മൂർച്ചയുണ്ടായിരുന്നു.

എന്തിനിതെല്ലാം ?. ആർക്കുവേണ്ടിയിതെല്ലാം?

ഹേ! കാട്ടാളാ....

ഏകാന്തമായ മരുഭൂമിയിൽ

ആരോ, നീയെന്ന സത്യം

യാഥാർത്ഥ്യമാക്കാൻ ഒരു തണലൊരുക്കിയിട്ടുണ്ട്

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)

61st Kerala State School Kalolsavam - Jan 03 To 07, 2023

Kozhikode

Item Code: 956 Participant Code: 113

നീയെന്ന ജീവനുവേണ്ടിയല്ലത്.

വർഷകാല രാത്രിയിൽ കണ്ണീയദ്ര

നീയെന്ന പിശാചിനെ,

വെട്ടിയകറ്റാനുള്ള

അക്ഷരങ്ങളുടെ മൂർച്ചയുള്ള

കൊടുവാളാണത്.

ദിശയില്ലാതെ പായുന്ന

ജീവിതായുസ്സുകൾക്ക്

ആദർശമേകുന്ന,

വിധിയെ, കാൽപ്പാടുകളാക്കുന്ന

നിനക്കു നേരെയുള്ള

വിചാരണകൾ......

അന്തമാന്തം...

(**Note**: Graded Items may be published in **Schoolwki.** So write neatly. Don't fold paper. Don't write overleaf)